# പതിനാലാം കേരള നിയമസഭ

## നാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 968 01.03.2017 -ലെ മറുപടി

## ഭൂഗർഭ ജലനിരപ്പ്

ചോദ്യം

ശ്രീ. മുല്ലക്കര രത്നാകരൻ

മറുപടി

മാത്യു ടി. തോമസ്

(ജലവിഭവ വകുപ്പുമന്ത്രി)

| | | | |
|---|---|---|---|
| എ) | സംസ്ഥാനത്ത് ഭൂഗർഭ ജലനിരപ്പ് താഴുന്നതായും ജലലഭ്യത കറയുന്നതായുമുള്ള പഠന റിപ്പോർട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | എ) | മഴ കുറവുള്ള മാസങ്ങളിൽ ഭൂഗർഭ ജലവിതാനത്തിൽ കുറവ് സംഭവിച്ചതായി ശ്രദ്ധയിൽപ്പെട്ടിട്ടു ണ്ട് |
| ബി) | ഭൂഗർഭ ജലലഭ്യത വർദ്ധിപ്പിക്കുന്നതിന് ആവിഷ്കരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ ? | ബി) | ഭൂജലവകു പ്പിന് കീഴിൽ കൃത്രിമ ഭൂജല സംപോഷണ പദ്ധതി ഭൂജല സംരക്ഷണത്തിനായി നടപ്പിലാക്കി വരുന്നു. 2016-17 സാമ്പത്തിക വർഷത്തിൽ 40 ലക്ഷം രൂപ 'ഭൂജല സംരക്ഷണവും, കൃത്രിമ ഭൂജല സംപോഷണവും' എന്ന പദ്ധതിയ്ക്കായി വകയിരുത്തിയിട്ടുണ്ട്. തടയണകൾ, അടിയണകൾ, തുറന്ന കിണർ, കുഴൽ കിണർ വഴിയുള്ള ഭൂജലസംപോഷണം എന്നിവ ഈ പദ്ധതിയിലൂടെ വിഭാവനം ചെയ്യുന്നു. ഇതിൽ 10 തുറന്ന കിണർ റീചാർജ്ജിംഗ് പദ്ധതി പൂർത്തീകരിച്ചു കഴിഞ്ഞു. 41 പദ്ധതികൾക്കുള്ള ഭരണാനുമതി നൽകിയിട്ടുണ്ട്. പ്രവർത്തികൾ വിവിധ ജില്ലകളിൽ പുരോഗമിച്ചു വരുന്നു. കേരള ജലസേചന വകുപ്പ്, കൃഷി വകുപ്പ്, മണ്ണ് സംരക്ഷണ വകുപ്പ് തുടങ്ങിയവ കൃത്രിമ ഭൂജല പരിപോഷണത്തിനായി വ്യാപകമായ പദ്ധതികൾ നടപ്പിലാക്കി വരുന്നു. കൂടാതെ സംസ്ഥാനം രൂക്ഷമായ വരൾച്ചയെ നേരിടുന്ന സാഹചര്യത്തിൽ ജലസ്രോതസ്സുകൾ സംരക്ഷിക്കുന്നതിനും പുനഃരുജ്ജീവിപ്പിക്കുന്നതിനും സംസ്ഥാന സർക്കാർ ഹരിത കേരളം പദ്ധതി ആവിഷ്ക്കരിച്ചിട്ടുണ്ട് സംസ്ഥാനത്ത് ഏകദേശം 65 ലക്ഷത്തോളം തുറന്ന കിണറുകൾ ഉണ്ടെന്നാണ് കണക്കാക്കപ്പെടുന്നത്. തുറന്ന കിണറുകൾ റീചാർജ്ജ് ചെയ്യുക വഴി ഭൂജല നിരപ്പ് ഉയരുകയും അതുവഴി കടുത്ത വരൾച്ചയെ പ്രതിരോധിക്കുവാൻ ഒരു പരിധിവരെ സംസ്ഥാനത്തിന് കഴിയുന്നതുമാണ്. |

സെക്ഷൻ ഓഫീസർ